വ്യാജ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് ഹാജരാക്കി ജോലി സമ്പാദിച്ച ബ്രാഞ്ച് പോസ്റ്റ്മാസ്റ്റർക്കെതിരെ നടപടി

37 (5947) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട്, മൂലങ്കാവ് സബ് പോസ്റ്റാഫീസ് ബ്രാഞ്ച് പോസ്റ്റ്മാസ്റ്റർ തസ്തികയിൽ വ്യാജ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് ഹാജരാക്കി ജോലി സമ്പാദിച്ചതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ട് വിദ്യാഭ്യാസ വകുപ്പിന്റെ ശുപാർശ ലഭിച്ചിട്ടുണ്ടോ ;

(സി) ഇത്തരത്തിൽ വ്യാജ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് നിർമ്മിച്ചവർക്കെതിരെ കേസ്സെടുത്തിട്ടുണ്ടോ ;

(ഡി) കേസ്സെടുത്തിട്ടില്ലെങ്കിൽ അന്വേഷിച്ച് കേസ്സെടുക്കുന്നതിനും അക്കാര്യം തപാൽ വകുപ്പിനെ അറിയിക്കാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കേസ്സെടുത്തിട്ടില്ല.

(ഡി) പരിശോധിച്ചുവരുന്നു.

നൂറനാട് പോലീസ് സ്റ്റേഷൻ സബ് -ഇൻസ്പെക്ടർക്കെതിരെയുള്ള പരാതികളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ

38 (5948) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നൂറനാട് പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ശ്രീ. ശ്രീധരനെതിരെ ലഭിച്ചിട്ടുള്ള പരാതികളിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ;

(ബി) ജനപ്രതിനിധികളോടും, പൊതുപ്രവർത്തകരോടും സാധാരണക്കാരോടും ധിക്കാരപരമായും പോലീസ് സ്കോഡിന് വിരുദ്ധമായും, സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായും പ്രവർത്തിക്കുകയും പെരുമാറുകയും ചെയ്യുന്ന ഇദ്ദേഹത്തിനെതിരെ, വകുപ്പുതല അന്വേഷണം നടത്തുകയും, മേലിൽ പൊതുജനങ്ങളോടും ജനപ്രതിനിധികളോടും മാന്യമായി പെരുമാറുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തരത്തിലുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തി തക്കതായ ശിക്ഷണ നടപടികളും നല്ല നടപ്പും കൊടുക്കുന്നതിന് എന്തൊക്കെ നടപടികൾ ആഭ്യന്തരവകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

അർച്ചന എഞ്ചിനീയറിംഗ് കോളേജ് ആക്രമിച്ച സംഭവം

39 (5949) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ നൂറനാട് പോലീസ് സ്റ്റേഷന് കീഴിൽ വരുന്ന അർച്ചന എഞ്ചിനീയറിംഗ് കോളേജ് ആക്രമിച്ച സംഭവത്തിൽ പോലീസ് നാളിതു വരെ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കേസ്സിൽ ഉൾപ്പെട്ട പ്രതികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; ഇനിയും എത്ര പേരെ അറസ്റ്റ് ചെയ്യാനുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഇനിയും ഇത്തരം കേസ്സുകൾ പ്രസ്തുത കോളേജിൽ നടക്കാതിരിക്കാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഇ) മാനേജ്മെന്റ് അറിയിച്ചിട്ടും പോലീസ് വേണ്ട മുൻകരുതലുകൾ സ്വീകരിക്കാത്തതാണ് പ്രശ്നത്തിന് കാരണം എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) അർച്ചനാ കോളേജ് ഓഫ് എഞ്ചിനീയറിംഗ് അഡ്മിനിസ്ട്രേറ്റർ ഇ. മുഹമ്മദ് ഹുസൈന്റെ മൊഴിപ്രകാരം നൂറനാട് പോലീസ് സ്റ്റേഷൻ ക്രൈം. 494/10 u/s 143, 147, 148, 149, 452, 427 IPC പ്രകാരം 12-7-2010 തീയതി 14.00 മണിക്ക് SFI/DYFI പ്രവർത്തകരായ നാൽപ്പതോളം പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ടി കേസിൽ 1 മുതൽ 17 വരെ പ്രതികളെ അറസ്റ്റ് ചെയ്ത് മാവേലിക്കര ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് -2 മുൻപാകെ ഹാജരാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത കേസ്സിൽ ഉൾപ്പെട്ട പ്രതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly